(ഡി) ഓരോ പെൻഷനുവേണ്ടിയും നാളിതുവരെ ഗ്രാമപഞ്ചായത്തുകൾ ചെലവാക്കിയ തുക സംബന്ധിച്ച വിവരം

		തുക രൂപയിൽ
1.	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ	3795544946
2.	വികലാംഗ പെൻഷൻ	1983954893
3.	വിധവാ പെൻഷൻ	5962234025
4.	കർഷകത്തൊഴിലാളി പെൻഷൻ	1617021843
5.	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	393794586
	ആകെ കടിശ്ശിക	13752550293

കാഞ്ഞങ്ങാട് മണ്ഡലത്തിലെ പൊതുശ്മശാനങ്ങൾ

206 (1623) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ പൊതുശ്മശാനങ്ങൾ ഇല്ലാത്ത ഗ്രാപഞ്ചായത്തുകളായ ബളാൽ കള്ളാർ, പനത്തടി എന്നിവിടങ്ങളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കാൻ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഈ പഞ്ചായത്തുകളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ബളാൽ, കള്ളാർ, പനത്തടി ഉൾപ്പെടെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. 2014-15 സാമ്പത്തിക വർഷത്തിൽ ഇതിലേക്കായി 10 കോടി രൂപ ബഡ്ജറ്റിൽനിന്നും അനുവദിച്ചിട്ടുണ്ട്. ബളാൽ, കള്ളാർ, പനത്തടി എന്നീ ഗ്രാമപഞ്ചായത്തുകൾ ഈ പദ്ധതിക്കായി ഫണ്ട് വകയിരുത്തിയിട്ടില്ല.

(സി) ബളാൽ ഗ്രാമപഞ്ചായത്തിന് ശ്മശാനം നിർമ്മിക്കുന്നതിനെതിരെ പൊതുജനങ്ങളിൽ നിന്നുള്ള എതിർപ്പും, കള്ളാർ, പനത്തടി എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് സ്വന്തമായി സ്ഥലമില്ലാത്തതുമാണ് പദ്ധതി നടപ്പാക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന് കാരണം.

LIBRARY ARCHIVES Kerala Legislative Assembly